റോഡുകളിലെ കുഴികൾ അടയ്ക്കാനുള്ള നടപടികൾ

20 (*80) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഇത്തരത്തിൽ കുഴിയടയ്ക്കൽ പദ്ധതി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് ;

(ഡി) അടച്ച കുഴികൾ വീണ്ടുംഇളകി വൻകുഴികളായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?

(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത് ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) പദ്ധതിയിതര പ്രവർത്തിയിലുൾപ്പെടുത്തി 240 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉത്തരവായി. ഈ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ അടയ്ക്കുന്നതിന് എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും 50,000 രൂപയുടെ ഇംപ്രസ്റ്റ്മണി അനുവദിച്ചു.

(ബി - ഇ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതിലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് പദ്ധതി

21 (*81) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'രാജീവ് ഗാന്ധി സ്കീം

LIBRARY ARCHIVES Kerala Legislative Assembly